**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3535** **05-08-2021 - ൽ മറുപടിയ്ക്ക്**

**കെ.സി.സി.പി.എൽ വൈവിദ്ധ്യവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിന്റെ (കെ.സി.സി.പി.എൽ) വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും പുതുതായി ഏതൊക്കെ യൂണിറ്റുകൾ തുടങ്ങുവാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ? | (എ) | കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് (കെസിസിപിഎൽ) വൈവിധ്യവത്കരണത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടുകൂടി മാങ്ങാട്ടുപറമ്പ് യൂണിറ്റിൽ സ്റ്റാർട്ടപ്പ് ഇൻകുബേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. പാപ്പിനിശ്ശേരി ഹെഡ് ഓഫീസിന് മുന്നിലെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പെട്രോൾ പമ്പ്, കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയുടെ സാങ്കേതിക സഹായത്തോടു കൂടി പഴയങ്ങാടി യൂണിറ്റിൽ 165 കോടി രൂപ ചെലവിൽ ഒരു ഹൈടെക് കയർ ഡീ ഫൈബറിംഗ് യൂണിറ്റ്, പഴയങ്ങാടിയിലും നീലേശ്വരത്തും സിമന്റ് ബ്രിക്ക് മാനുഫാക്ചറിംഗ് യൂണിറ്റുകൾ, പഴയങ്ങാടി, കണ്ണപുരം, നീലേശ്വരം എന്നിവിടങ്ങളിൽ മത്സ്യ കൃഷി, മാങ്ങാട്ടുപറമ്പിൽ പാഷൻ ഫ്രൂട്ട് കൃഷി എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ഇത് കൂടാതെ കമ്പനിയുടെ അടുത്ത പത്തു വർഷക്കാലയളവിലെ പ്രവർത്തനം മുന്നിൽ കണ്ടുകൊണ്ട് വിപുലീകരണ വൈവിധ്യവത്ക്കരണ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകളും തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ